# ഏണിയുടെ മകൾ

**മീനു എലിസബത്ത്**

നോർത്ത് ഈസ്റ്റ് അർക്കൻസായിലെ ഒരു ചെറിയ പട്ടണമായ ജോൺസ്ബറോയിൽ ആയിരുന്നു 2002 മുതൽ ഞങ്ങളുടെ താമസം. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അർക്കൻസായിലെ പട്ടണത്തിൽ അഞ്ചാം സ്ഥാനത്താണ് ജോൺസ്ബറോ. 70,000....... താഴെ. ജോൺസ്ബറോയെ ഒരു ഗ്രാമം എന്നോ പട്ടണമെന്നോ നമുക്ക് തികച്ചു വിളിക്കാൻ കഴിയില്ല. നെല്ലും സോയാബീനും കോട്ടനുമാണ് പ്രധാന വിളവുകൾ. പട്ടണത്തിനു പത്തു മൈൽ ചുറ്റളവിൽ തന്നെ ഇവയെല്ലാം വിളയുന്ന പാടങ്ങൾ കാണാം. പ്രത്യേകിച്ചും വിളഞ്ഞു നിൽക്കുന്ന നെൽപ്പാടങ്ങൾ കണ്ടാൽ കുട്ടനാടാണോ എന്ന് തന്നെ തോന്നും. അമേരിക്കയിൽ ഏറ്റവും കൂടുതൽ അരി ഉൽപാദിപ്പിക്കുന്നതു അർക്കൻസായിലാണ്. ജോൺസ്ബറോയിൽ എഴുപതു ശതമാനം വെള്ളക്കാരും, ഇരുപതുശതമാനം കറുത്തവരും, ബാക്കി മേക്സിക്കാരുമാണ്. ഇന്ത്യാക്കാർ ഒരു ശതമാനത്തിൽ താഴെയും.

ധാരാളം സ്റ്റേറ്റ് പാർക്കുകളും, തടാകങ്ങളും പുഴകളും ഉള്ളതിനാൽ ഞങ്ങൾ വളരെ വേഗം ജോനെസ്ബാരോയുമായി പ്രണയത്തിലായി. നല്ലവരായ ഞങ്ങളുടെ അയൽക്കാർ ഞങ്ങളെ അവരുടെ എപ്പിസേകാപ്പൽ പള്ളിയിലേക്ക് ആരാധനക്കായി ക്ഷണിക്കുകയും, ക്രമേണ ഞങ്ങൾ ആ പള്ളിയിലെ അംഗങ്ങൾ ആവുകയും ചെയ്തു. ആദ്യമായാണവർ ഇന്ത്യാക്കാരായ ക്രിസ്ത്യാനികളെ കാണുന്നത്. പള്ളിയിലെല്ലാവരും തന്നെ ഞങ്ങളെ വളരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. കുട്ടികൾക്ക് അന്നു പത്തും ആറും ആണ് പ്രായം. വളരെ പെട്ടെന്ന് തന്നെ അവരും പുതിയ പള്ളിക്കുടുംബത്തോട് ഇണങ്ങി. സൺഡേ സ്കൂളിനും മറ്റു പരിപാടികൾക്കും സജീവമായി അവർ പങ്കെടുക്കുവാൻ തുടങ്ങി.

ഞങ്ങളെ സ്വന്തം മക്കളായി ഏറ്റെടുത്തവരിൽ പ്രധാനിയായിരുന്നു ബ്രൂക്സും കാത്തിയും. ബ്രൂക്സ് വർഷങ്ങളോളം കൃഷിക്കാരായിരുന്നു. ഞങ്ങൾ പരിചയപ്പെടുമ്പോൾ അദ്ദേഹത്തിന് എഴുപത്തിആറ് വയസോളം കാണും. കൃഷി നിർത്തിയെങ്കിലും ഇപ്പോഴും സജീവമായി ഒരു വർക്ക്ഷോപ്പ് നടത്തുകയാണ് ബ്രൂക്സ്. പുല്ലുവെട്ടുന്ന യന്ത്രങ്ങൾ, കൃഷിപ്പണിക്കുപയോഗിക്കുന്ന ചെറുയന്ത്രങ്ങൾ, വാകംക്ലീനറുകൾ ഇവ എല്ലാം നന്നാക്കി കൊടുക്കുന്ന ഒരു വലിയ കടയാണ് അദ്ദേഹത്തിനുള്ളത്.

അവരിൽ പ്രധാനി ആയിരുന്നു ഏണി. ഏണസ്റ്റ് എന്നാണ് ശരിക്കുള്ള പേര്. ഞങ്ങളുടെ പള്ളിയിലെ അംഗമാണ് ഏണിയും. ഞങ്ങളുടെ പുൽത്തോട്ടം ചെത്തി മിനുക്കാനും, അത്യാവശ്യം ലാൻഡ് സ്കപ്പിങ്ങിന്റെ പണികൾക്കും വരുന്നതു ഏണിയാണ്. ഒരിടക്കാലത്ത് കള്ളുകുടിയനും മയക്കുമരുന്നിനു അടിമയും ആയിരുന്നു അയാൾ.ഏണിയുടെ ഈ നല്ല സ്വഭാവങ്ങൾ കൊണ്ട് ഭാര്യ സഹികെട്ട് ഉപേക്ഷിച്ചു പോവുകയായിരുന്നു. വർഷങ്ങളോളം ഉള്ള മദ്യപാനവും പുകവലിയും ഏണിയുടെ ആരോഗ്യത്തെ വല്ലാതെ ബാധിച്ചു. മെലിഞ്ഞു നീണ്ടു, കൊഞ്ചു പോലെ വളഞ്ഞ ഒരു രൂപം ആയിരുന്നു ഏണി. ഏണിയുടെ ഏക മകൾ സവാനയും എന്റെ മക്കളും പെട്ടെന്ന് തന്നെ കൂട്ടുകാരായി. എന്റെ ആറ് വയസായ ഇരട്ടകുട്ടികൾ ജെസ്റിനും ജോർദാനും, അവളും അന്നു രണ്ടാം ക്ലാസിലാണ് പഠിക്കുന്നത്. പള്ളിയിലെ കൂട്ടുകെട്ടിനുപരി ഏണി ശനിയാഴ്ചകളിൽ പണിക്കു വരുമ്പോൾ അവളും കൂടെ വരും. കുട്ടികളുമായി കളിക്കും. അവരോടൊപ്പം ഭക്ഷണം കഴിക്കും. അവരെ പോലെ ചോറും കറികളും കൈകൊണ്ട് കഴിക്കും. ഇടയ്ക്കു ഞങ്ങൾ അവളെയും ഉൾപ്പെടുത്തി പിക്നിക്കിനോ പാർക്കുകളിലോ പോകും.

പെൺമക്കളില്ലാത്ത എനിക്കും സവാനയെ വളരെ ഇഷ്ടമായി. അവളുടെ സ്വർണ തലമുടിയും, നീല കണ്ണുകളും എനിക്ക് ആന്റിമാർ ആരോ അമേരിക്കയിൽ നിന്നും പണ്ട് കൊണ്ടുതന്ന പഴയ പാവക്കുട്ടി മോളമ്മയെ ഓർമിപ്പിച്ചു. അവൾ ഒരു കൊച്ചു സുന്ദരി തന്നെ ആയിരുന്നു. ആ വർഷം മതർഡേയ്ക്ക് അവൾ സ്വന്തമായി ഉണ്ടാക്കിയ ഒരു കാർഡും അവളുടെ അമ്മയുടെ പൂന്തോട്ടത്തിൽ നിന്നും പറിച്ചെടുത്ത ഒരു മഞ്ഞറോസാപ്പൂവും എനിക്ക് സമ്മാനമായി തന്നു. അതിൽ അവൾ ഇങ്ങനെ എഴുതിയിരുന്നു. 'ഐ ലവ് യു മിസ്സിസ് മാത്യു' 'ഹാപ്പി മതേഴ്സ് ഡേ!'

മെയ് കഴിഞ്ഞു. അവധിക്കാലം ആഗതമായി. ഞങ്ങൾ പതിവ് പോലെ ചില കൂട്ടുകാരെയെല്ലാം കൂട്ടി ഒരു ബാർബിക്യൂ പാർട്ടി വെക്കാൻ തീരുമാനിച്ചു. കുട്ടികളുടെ ലിസ്റ്റിൽ ആദ്യത്തെ അതിഥി സവാന ആയിരുന്നു. അഞ്ച് ആറ് മണിയോടെ അതിഥികൾ എത്തിത്തുടങ്ങി. ജോനേസ്ബാരോയിലുള്ള ഞങ്ങളുടെ ചില മലയാളികളും, തമിഴ്, കന്നട, നോർത്ത് ഇന്ത്യൻ സുഹൃത്തുക്കളും, പള്ളിയിൽ നിന്നുള്ള ചിലരും ആയിരുന്നു വിരുന്നുകാർ. കൂട്ടത്തിൽ ബ്രൂക്സും കാത്തിയും ഏണിയും ഉണ്ട്. യാർഡിൽ കുട്ടികൾ തകർക്കുന്നു. ബർബിക്യൂ ഗ്രില്ലിൽ മൊരിയുന്നു. ബിയർ കുപ്പികൾ തുറക്കുന്നു. വെളിയിലെ സ്റ്റീരിയോയിൽ പിള്ളേരുടെ ഇഷ്ടപാട്ടുകാരനായ അശരും, മറ്റു റാപ്പ് മൂസിക്കും ഇടയ്ക്കു ഹിന്ദി ബീട്ടുകളും. ചിലരോക്കെ ഡാൻസ് മൂഡിലാണ്. ഞാൻ അകത്തുപോയി. നേരത്തെ വാങ്ങി ഒളിപ്പിച്ചു വെച്ചിരുന്ന ഒരു കേക്ക് മെഴുകുതിരികൾ നിറച്ചു കത്തിച്ചു കൊണ്ട് വന്നു. അന്നു സവാനയുടെ പിറന്നാൾ കൂടിയായിരുന്നു. വർധിച്ച സന്തോഷത്തോടെ, അതിലുപരി, അത്ഭുതത്തോടെ അവൾ എന്നെയും ഷാജിയെയും കെട്ടിപ്പിടിച്ചു. ഏണിയുടെ കണ്ണുകൾ നിറയുന്നത് ഞങ്ങൾ കണ്ടു. എല്ലാവരും ഉറക്കെ ഹാപ്പി ബർത്ത്ഡേ പാടി.

കേക്കിലെ മെഴുകുതിരികൾ ഊതിക്കെടുത്താൻ മക്കളും സവാനയും മത്സരിച്ചു. ഞാനും ഷാജിയും കേക്കുമുറിച്ചു അവളുടെ വായിൽ വെച്ച് കൊടുത്തു. കുട്ടികൾ അവളുടെ മുഖത്ത് ഐസിംഗ് തേക്കാൻ അവളെ ഓടിച്ചു. എങ്ങും സന്തോഷം അലയടിക്കുന്ന നിമിഷങ്ങൾ. നേരത്തെ ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങളുടെ അതിഥികളും അവൾക്കായി ചില സമ്മാനങ്ങൾ കൊണ്ട് വന്നിരുന്നു. അവൾ പിന്നെ നിലത്തും താഴെയും ആയിരുന്നില്ല. അവൾ ഓടി നടന്നു എല്ലാവരോടും നന്ദി പറഞ്ഞു. ഏണിയും.

ഡിന്നറിനുശേഷം എല്ലാവർക്കും അവളുടെ പ്രിയപ്പെട്ട സ്ട്രോബെറി ഐസ്ക്രീം വിളമ്പി. അവൾ വയർ നിറയെ

ഐസ്ക്രീമും കേക്കും കഴിച്ചു.

അതെ അവൾ അവസാനമായി കഴിച്ച ഭക്ഷണം അതായിരുന്നു! ഞാനായിരുന്നു അവൾക്കു പ്രിയപ്പെട്ട ഭക്ഷണം അന്ത്യ അത്താഴം ആയി വിളമ്പിയ ഹതഭാഗ്യ!

ഞങ്ങളുടെ വീട്ടിൽ നിന്നും രാത്രിയിൽ യാത്ര പറഞ്ഞു പോകുമ്പോൾ, പതിവ് പോലെ അവൾ എന്നെ കെട്ടിപ്പിടിച്ചു. ഉമ്മ തന്നു, താങ്ക്യു മിസിസ് മാത്യു, എന്നു പറഞ്ഞു. അവളുടെ ഗിഫ്റ്റ് പാക്കറ്റുകൾ കുട്ടികൾ മൂന്ന്പേരും കൂടി അവളുടെ കാറിൽ വെച്ച് കൊടുത്തു. എല്ലാവരോടും ബൈ പറഞ്ഞു കൈ വീശിപ്പോയ സവാനയെ പിന്നീടൊരിക്കലും ഞങ്ങൾ കണ്ടില്ല.

വീട്ടിലേക്കുള്ള വഴിയിൽ അവളിരുന്ന വശത്തായി ഒരു വലിയ ട്രക്ക് വന്നിടിച്ചു അവൾ തൽക്ഷണം കൊല്ലപ്പെടുകയായിരുന്നു. ഏണി ഒരു പോറൽ പോലും ഏൽക്കാതെ രക്ഷപ്പെട്ടു. ഞങ്ങൾക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല ഈ ദാരുണവാർത്ത.

മക്കൾ വാവിട്ടു നിലവിളിച്ചു. ഞാനും. ഷാജി വാക്കുകൾ പുറത്തുവരാതെ തല കുമ്പിട്ടിരുന്നു. അത്ര നേരം ഞങ്ങളുടെ വീട്ടിൽ ഒരു പൂമ്പാറ്റയെപോലെ പാറി നടന്ന സവാന?!! അവൾ ക്ഷണനേരം കൊണ്ട് ഈ ഭൂമിയിൽ നിന്നും ഒരു മഴവില്ല്പോലെ മാഞ്ഞുപോയെന്നോ?

പിന്നീട് പലപ്പോഴും ഞാൻ അവളെ വീട്ടിനുള്ളിൽ കണ്ടു, മക്കളുടെ മുറിയിൽ കണ്ടു, അവൾ കോണിപ്പടികൾ ചാടി ഇറങ്ങി എന്റെ നേരെ ഓടിവരുന്നത് കണ്ടു. എനിക്കവളെ കാണാതിരിക്കാൻ ആവുമായിരുന്നില്ല. അവൾ അവിടെ നിന്നും എങ്ങും പോയതായി എനിക്ക് തോന്നിയില്ല.

ഞങ്ങൾ അന്നുതന്നെ അവളുടെ അമ്മയെ കാണാനായി പോയി. ഏണിയും അവിടെ ഉണ്ടായിരുന്നു. ആ അമ്മയോട് ഞാൻ എന്ത് പറയാൻ? ഞാനും അവരും കെട്ടിപ്പിടിച്ചു വാവിട്ടു കരഞ്ഞു. അവൾ വയർ നിറയെ ഐസ്ക്രീം കഴിച്ചു സന്തോഷത്തോടെ ആണ് വീട്ടിൽ നിന്നും പോയത് എന്ന് പറഞ്ഞപ്പോൾ കരച്ചിലിനിടയിലും സവാനയുടെ അമ്മ പൊട്ടിച്ചിരിച്ചു. ചിരിക്കുമ്പോൾ അവരുടെ നീലക്കണ്ണുകളിൽ സവാനയുടെ ചിരി. കണ്ണുകൾ കൊണ്ടായിരുന്നു സവാനയും ചിരിച്ചിരുന്നത്.

ഞങ്ങൾക്ക് ഇന്നും കണ്ണീരിന്റെ നനവില്ലാതെ അവളെ ഓർക്കാൻ കഴിയില്ല. ഇതെഴുതുമ്പോഴും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

മക്കളുടെ പ്രിയ കൂട്ടുകാരി...അവൾ എനിക്കും ഒരു കൂട്ടുകാരിയായിരുന്നില്ലേ? അതോ മകളോ? കുറച്ചു കാലെത്തെക്കെങ്കിലും ഞാൻ അവളെ മകളെപോലെ സ്നേഹിച്ചിരുന്നില്ലെ? അവൾ എനിക്കു ഏക മകളായിരുന്നു.

എട്ടാം ക്ലാസ് വിദ്യാഭ്യാസം പോലും ഇല്ലാതിരുന്ന ഏണി. എന്ന ഏണാസ്റ്റ്. എന്നെ അക്ഷരാർഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. അവളുടെ കണ്ണുകൾ ഒഴികെ എല്ലാ അവയവങ്ങളും ഏണി പല കുഞ്ഞുങ്ങൾ ക്കായി ദാനം ചെയ്തു. മരണം ഉറപ്പായ ഉടൻ തന്നെ എയർ ആംബുലൻസു വന്നു അവളെ ഹോസ്പിറ്റലിലേക്ക് കൊണ്ട് പോയി. മരണത്തിന്റെ വക്കിൽ എത്തിനിന്നിരുന്ന അനേകം കുഞ്ഞുങ്ങൾക്ക് നീലക്കണ്ണുള്ള ആ കുഞ്ഞുമാലാഖ പുതുജീവൻ കൊടുത്തിട്ടാണ് പോയത്. അവളുടെ സ്നേഹം കനിയുന്ന നീലക്കണ്ണുകൾ മാത്രം കൊടുക്കാൻ ഏണി വിസമ്മതിച്ചു. ആർക്ക് അതിനു ഏണിയെ കുറ്റം പറയാൻ കഴിയും! അവളുടെ ആ കണ്ണുകൾ എങ്ങനെ മറക്കാൻ കഴിയും.

ആ രാത്രിയെ എങ്ങനെ മറക്കാൻ കഴിയും?